# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2510 19.03.2015 - ൽ മറുപടിക്ക്

## റാന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) റാന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന പെരുനാട്- അത്തിക്കയം, അയിരൂർ കാഞ്ഞിറ്റുകര, എഴുമറ്റൂർ, റാന്നി - ചെറുകോൽ - നാരങ്ങാനം, അങ്ങാടി - കൊറ്റനാട്, കൊല്ലമുള, നിലയ്ക്കൽ എന്നീ കുടിവെള്ള പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ചിരിക്കുന്ന തുക എത്ര; ഇതിൽ ഓരോ പ്രോജക്ടിനും അംഗീകാരം ലഭിച്ചതിന്റെ കോപ്പി ലഭ്യമാക്കാമോ;

(എ) റാന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ അനുവദിച്ചിരിക്കുന്ന തുക താഴെപറയുന്നു.

| | പദ്ധതി | അനുവദിച്ച തുക |
|---|---|---|
| 1 | പെരുനാട് – അത്തിക്കയം ഒന്നാംഘട്ടം | 1400 ലക്ഷം രൂപ |
| 2 | അയിരൂർ-കാഞ്ഞേറ്റുകര - ഒന്നാംഘട്ടം | 1400 ലക്ഷം രൂപ |
| 3 | എഴുമറ്റൂർ ഒന്നാംഘട്ടം | 591 ലക്ഷം രൂപ |
| 4 | കൊല്ലമുള | 800 ലക്ഷം രൂപ |
| 5 | സീതത്തോട് -പെരുനാട് (നിലയ്ക്കൽ) | 909 ലക്ഷം രൂപ |
| 6 | അങ്ങാടി -കൊറ്റനാട് ഒന്നാംഘട്ടം | 1150 ലക്ഷം രൂപ |

മേൽപറഞ്ഞ പദ്ധതികൾക്ക് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

7. റാന്നി, ചെറുകോൽ, നാരങ്ങാനം - വിശദമായ റിപ്പോർട്ട്, തയ്യാറാക്കിയെങ്കിലും സ്ഥലം ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച പഞ്ചായത്തിന്റെ തീരുമാനം ലഭിച്ചതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്

(ബി) ഓരോ പദ്ധതിയുടെയും നിർമ്മാണം ഏതു ഘട്ടം വരെയായി എന്നും എന്ന് നിർമ്മാണം പൂർത്തീകരിക്കാനാകും എന്നും വ്യക്തമാക്കാമോ;

(ബി) 1.പെരുനാട്- അത്തിക്കയം;- ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പണി പൂർത്തീകരിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് ലൈനിന്റെയും ഗ്രാവിറ്റി ലൈനിന്റെയും പണി 50% പൂർത്തീകരിച്ചു. പമ്പ്ഹൗസ് നവീകരണത്തിന്റെ റീ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. ജലസംഭരണി പണിയാനാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയിട്ടില്ല. സ്ഥലം ലഭ്യമായാൽ 09/2016-ൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

2. അയിരൂർ-കാഞ്ഞേറ്റുകര;- കിണറിന്റെ പണി 25% ഉം ജലശുദ്ധീകരണശാലയുടെ പണി 15%ഉം പൂർത്തീകരിച്ചു. റോ വാട്ടർ പമ്പിംഗ് മെയി

നിന്റെയും ഗ്രാവിറ്റി ലൈനിന്റെയും വർക്ക് ഓർഡർ നൽകിയെങ്കിലും കരാറുകാരായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എഗ്രിമെന്റ് വച്ചിട്ടില്ല. പദ്ധതി 09/2016-ൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

3. എഴുമറ്റൂർ ഒന്നാംഘട്ടം:- റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിച്ചു. ഗ്രാവിറ്റി ലൈനിനാവശ്യമായ പൈപ്പ് ഭാഗികമായി സപ്ലൈ ചെയ്തു. ബാക്കി പൈപ്പുകളുടെ ഫാക്ടറി ടെസ്റ്റ് പൂർത്തീകരിച്ചു. ജലശുദ്ധീകരണശാലയുടെ ടെണ്ടർ ക്യാൻസൽ ചെയ്തു. പദ്ധതി 12/2016-ൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

4.കൊല്ലമുള:- എരുമേലി ജലശുദ്ധീകരണ ശാലയിൽ നിന്നും വെൺകുറിഞ്ഞി സമ്പ് വരെയുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈനിന്റെ പണി 50% പൂർത്തീകരിച്ചു. വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കുംപാറ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും വെൺകുറിഞ്ഞി സമ്പിന്റെയും വെൺകുറിഞ്ഞി മുതൽ ഓലിക്കൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും ഓലിക്കൽ സമ്പിന്റെയും എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അംഗീകാരം നൽകി. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പദ്ധതി 12/2016-ൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

5. സീതത്തോട് - പെരുനാട് (നിലയ്ക്കൽ) :- വിവിധ ഘടകങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

6. അങ്ങാടി - കൊറ്റനാട്:- കേരള വാട്ടർ അതോറിറ്റി വകുപ്പുതല ഭരണാനുമതി നൽകുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

(സി) നിർമ്മാണത്തിലുള്ള ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പദ്ധതിക്ക് എന്ത് തരത്തിലുള്ള തടസ്സമാണ് ഉണ്ടായിട്ടുള്ളത്; അവ പരിഹരിക്കപ്പെട്ടിട്ടുണ്ടോ;

(സി) പെരുനാട് അത്തിക്കയം പദ്ധതിയുടെ ജല സംഭരണികൾ പണിയാനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. കൊല്ലമുള പദ്ധതിയുടെ എരുമേലിയിൽ നിന്നും വെൺകുറിഞ്ഞി വരെ സ്ഥാപിക്കുന്ന ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈൻ കോട്ടയം ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡിൽ കൂടിയാണ് സ്ഥാപിക്കേണ്ടത്. പ്രസ്തുത റോഡിൽ പൈപ്പു സ്ഥാപിക്കാൻ അനുമതി ലഭിച്ചിട്ടില്ല. കൊല്ലമുളയിൽ നിർമ്മിക്കേണ്ട ടാങ്കിന്റെ സ്ഥലം കിട്ടിയിട്ടില്ല. അയിരൂർ കാഞ്ഞേറ്റുകര ജലശുദ്ധീകരണശാലയിലേക്കുള്ള വഴിയിൽ കൂടി സാധനസാമഗ്രികൾ കൊണ്ടു പോകുന്നതിന് കോടതിയുടെ സ്റ്റേ ഉത്തരവുണ്ടായിരുന്നു. എഴുമറ്റൂർ ജല ശുദ്ധീകരണശാല പണിയാനുദ്ദേശിക്കുന്ന സ്ഥലത്ത് സുഗമമായി സാധനസാമഗ്രികൾ

എത്തിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത ടെണ്ടറിൽ പങ്കെടുക്കാൻ കരാറുകാർ വിമുഖത കാണിച്ചിരുന്നു. ജലശുദ്ധീകരണശാലയുടെ പ്രവൃത്തിക്ക് സാധനസാമഗ്രികൾ കൊണ്ടു പോകുന്നതിനുള്ള വഴിയുമായി ബന്ധപ്പെട്ട സ്റ്റേ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ഡി) മേൽ പറഞ്ഞിരിക്കുന്ന കുടിവെള്ള പദ്ധതികളിൽ ഏതിന്റെയെങ്കിലും നിർമ്മാണം ഇനി ആരംഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളുടെതാണ് എന്ന് പറയാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കാനുണ്ടായിരിക്കുന്ന തടസ്സം എന്താണെന്ന് വിശദമാക്കാമോ; ഇതു പരിഹരിച്ച് നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

(ഡി) മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളിൽ നിർമ്മാണം ആരംഭിക്കാനുള്ളവ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നവ.

1. സീതത്തോട് -പെരുനാട് (നിലയ്ക്കൽ):- വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
2. അങ്ങാടി കൊറ്റനാട്:- വകുപ്പുതല ഭരണാനുമതി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.
3. റാന്നി- ചെറുകോൽ :- പ്രസ്തുത പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനം ലഭിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**